(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ സെക്ഷനിൽ എത്ര ട്രാൻസ്ഫോർമറുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) ഓരോ പണിക്കും എന്തു തുക ചെലവാക്കിയിട്ടുണ്ട് ;

(ഇ) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാധാരണഗതിയിലുള്ള ജോലികൾ കൂടാതെ ക്യാപിറ്റൽ വർക്കായി വി.ഐ.സ്കീമിൽ ചിറയിറമ്പിൽ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി നടന്നുവരുന്നു.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ സെക്ഷനിൽ നിന്നും 1121 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 127 ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) 4 ട്രാൻസ്ഫോർമറുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പണികൾക്കെല്ലാം കൂടി മൊത്തം 10.5 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഇ) സ്വീകരിച്ചുവരികയാണ്.

കണ്ണൂർ പവർ പ്രോജക്ട്

91(307) ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ പവർ പ്രോജക്ടിന് സംസ്ഥാന അനുമതി നൽകുന്ന കാര്യത്തിൽ കാലതാമസം വരാനിടയായ കാരണങ്ങളെപ്പറ്റി അന്വേഷണം നടത്തണമെന്ന് അതിന്റെ സംരംഭകർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്പനി ആവശ്യപ്പെട്ട പ്രകാരം ഇത് സംബന്ധിച്ച് ഒരന്വേഷണം നടത്തുമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി& സി) ചോദ്യം ഉദിക്കുന്നില്ല.

കോട്ടയം ജില്ലകളിൽ 33 കെ.വി. സ്ബ് സ്റ്റേഷൻ

92(308) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കോട്ടയം ജില്ലയിലെ കിടങ്ങൂർ, കല്ലറ, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ കല്ലറ, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) സ്ഥലം ഏറ്റെടുക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) സബ് സ്റ്റേഷൻ നിർമ്മാണ ജോലി സ്ഥലം വാങ്ങുന്നതുകൂടി ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായികൊണ്ടിരിക്കുന്നു.

വൈദ്യുതി തടസ്സം

93(309) ശ്രീ. പി . വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ നിരന്തരമായുണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ?

ഉത്തരം

കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നുള്ള 11 കെ.വി. കൊയിലാണ്ടി ഫീഡറിലെ ദുർബ്ബലമായ കണക്ടറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ കൊയിലാണ്ടി നഗരത്തിലേക്ക് കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നും ഒരു പ്രത്യേക 11 കെ.വി. ലൈൻ വലിയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി കൊണ്ടിരിക്കുന്നു. ഈ ജോലിക്കുവേണ്ടി 38.51 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 3 കി.മീ. 11 കെ.വി. ഭൂഗർഭ കേബിളും, 1.7 കി.മീ. ഓവർഹെഡ് ലൈനും അടങ്ങിയതാണ് ഈ ജോലി. എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

അഡീഷണൽ വൈദ്യുതിചാർജ് ബില്ല്

94(310) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാടിന് സമീപം ചെറുക്കണ് വടക്ക് മിനിഭവനത്തിൽ ജനാർദ്ദനൻ എന്നയാൾക്ക് എന്ത് തുകയ്ക്കുള്ള എത്ര കാലത്തെ അഡീഷണൽ ബില്ലാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly